# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1935 — 08/12/2014-ന് മറുപടിക്ക്

**മലയാളം ഔദ്യോഗിക ഭാഷയാക്കുന്നതു സംബന്ധിച്ച യോഗം**

**ചോദ്യം**
ശ്രീ. ജെയിംസ് മാത്യു

**ഉത്തരം**
ശ്രീ. ഉമ്മൻചാണ്ടി
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | മലയാളം ഔദ്യോഗിക ഭാഷയാക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വിലയിരുത്താൻ ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ ജൂലൈ മാസത്തിൽ ഡർബാർ ഹാളിൽ ചേരാൻ നിശ്ചയിച്ച യോഗം നടക്കുകയുണ്ടായോ; | (എ) | ഇല്ല. |
| (ബി) | യോഗത്തിൽ പങ്കെടുക്കാൻ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള എത്ര പേരെ ക്ഷണിച്ചിട്ടുണ്ടായിരുന്നു; | (ബി) | മലയാളം ഔദ്യോഗിക ഭാഷയാക്കി- യിട്ടുള്ള സെക്രട്ടേറിയറ്റ് ഉൾപ്പെടെയുള്ള സർക്കാർ വകുപ്പുകളുടെ തലവൻമാർ, പൊതു മേഖലാ/അർദ്ധ സർക്കാർ/സ്വയംഭരണ/ സഹകരണ സ്ഥാപനങ്ങളുടെ തലവന്മാർ, ജില്ലാ കളക്ടർമാർ |
| (സി) | യോഗം നടക്കാതിരുന്നതിന്റെ കാരണം എന്തായിരുന്നു; യോഗം നടക്കാതിരുന്നതു മൂലം സംസ്ഥാന ഖജനാവിനുണ്ടായ നഷ്ടം കണക്കാക്കി വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (സി) | 21.07.2014 ൽ നിശ്ചയിച്ചിരുന്ന യോഗത്തിൽ ഭാഷാമാറ്റ പുരോഗതി സംബന്ധിച്ച് വകുപ്പ് സ്വീകരിച്ചിട്ടുള്ള വിവിധ നടപടികൾ യോഗത്തിൽ വിശദീകരിക്കേണ്ടിയിരുന്ന ഔദ്യോഗിക ഭാഷാ വകുപ്പ് സെക്രട്ടറിയായ ശ്രീ.സുരേഷ് കുമാറിന് യോഗത്തിൽ പങ്കെടുക്കാൻ കഴിയില്ലായെന്ന് അന്നേ ദിവസം രാവിലെ അറിയിച്ചതിനെ തുടർന്നാണ് യോഗം മാറ്റിവയ്ക്കാനുള്ള സാഹചര്യം ഉണ്ടായത്. |

| | | | |
|---|---|---|---|
| (ഡി) | മലയാളം ഔദ്യോഗിക ഭാഷയാക്കാനുള്ള നടപടി അട്ടിമറിക്കാൻ നീക്കം നടക്കുന്നതായുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ